**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1330** **19-09-2025 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിവരുന്ന നവീന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണവും പരിപാലനവും, PWD Manual, SBD Condition, പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ എന്നിവ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വൽ അവലംബിച്ചു വരുന്നു. ടി മാന്വലിലെ നിഷ്കർഷകൾ പ്രകാരമാണ് പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധന നടത്തുന്നത്. പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പു വരുത്തി അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ തുടങ്ങിയവ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. പൊതുമരാമത്ത് ക്വാളിറ്റി |

| | | | |
|---|---|---|---|
| | | | മാന്വൽ പ്രകാരം 15 ലക്ഷത്തിന് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 2 tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടിക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരവും ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേൻമ ഉറപ്പാക്കി വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു. ഗുണനിലവാര പരിശോധനാഫലം പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധനാ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് ബിൽ തുക നൽകുന്നത്. ഇതോടൊപ്പം ഗുണനിലവാര പരിശോധന സൈറ്റുകളിൽ നേരിട്ടെത്തി നടപ്പിലാക്കുന്നതിന് 3 മൊബൈൽ യൂണിറ്റുകളും സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | റോഡുകളുടെ നിർമ്മാണത്തിന് റിക്ലെയിംഡ് അസാൾട്ട് പേവ്മെന്റ് സാങ്കേതികവിദ്യ പരീക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | Introduction of Sustainable Pavement Construction Techniques in Kerala – Road construction using Reclaimed Asphalt Pavement (RAP) എന്ന തലക്കെട്ടിലുള്ള pilot പദ്ധതി പ്രകാരം ഐ.ഐ.റ്റി. മദ്രാസുമായി സഹകരിച്ച് കെ.എച്ച്.ആർ.ഐ. നടത്തുന്ന റീക്ലെയ്മ്ഡ് ആസ്ഫാൽറ്റ് പേവ്മെന്റ് (RAP) സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ടായി പി.ഡബ്ല്യു.ഡി. നാഷണൽ ഹൈവേ വിഭാഗത്തിന്റെ കീഴിൽ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലൂടെ റോഡുകൾക്ക് എന്തുമാറ്റമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | നിലവിലെ BM & BC റോഡിലുള്ള അഗ്രിഗേറ്റ് പുനരുപയോഗിച്ച് നിർമ്മാണം നടത്താം, അഗ്രിഗേറ്റിന്റെ അധിക ഉപയോഗം കുറയ്ക്കാം, കോൾഡ് ബിറ്റുമിനസ്, മിക്സുകൾ (Cold mix) തയ്യാറാക്കാൻ മിക്സ് ചൂടാക്കുന്നതിന്റെ ആവശ്യമില്ലാത്തതിനാൽ വായു മലിനീകരണം കുറയ്ക്കാൻ കഴിയും. |
| (ഡി) | ഇതിന്റെ ഫലമായി റോഡുകളുടെ ഗുണനിലവാരം എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | RAP ഉപയോഗിച്ചുള്ള മിക്സുകളുടെ ഫീൽഡ് പെർഫോമൻസ് പരമ്പരാഗത ബിറ്റുമിനസ് |

| | | | |
|---|---|---|---|
| | | | മിക്സുകൾക്ക് തുല്യമോ മികച്ചതോ ആയിരിക്കും എന്നാണ് വിലയിരുത്തൽ. |

സെക്ഷൻ ഓഫീസർ